# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *219 — 06.11.2019 ൽ മറുപടിയ്ക്ക്

## നൈപുണി വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

*ചോദ്യം*

ശ്രീ.എം. സ്വരാജ്
ശ്രീ. എൻ. വിജയൻ പിള്ള
ശ്രീമതി.വീണാ ജോർജ്ജ്
ശ്രീ.യു. ആർ. പ്രദീപ്

*ഉത്തരം*

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) എഞ്ചിനിയറിംഗ് ബിരുദധാരികൾ ഉൾപ്പെടെയുള്ളവരിൽ തൊഴിലിന് വേണ്ട നൈപുണി ശേഷിയില്ലെന്ന വിവിധ പഠനങ്ങളുടെ പശ്ചാത്തലത്തിൽ നൈപുണി വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;<br><br>(ബി) ഈ രംഗത്ത് സംസ്ഥാന നൈപുണ്യ വികസന മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | (എ) & (ബി) വിവിധ മേഖലകളിൽ യുവജനങ്ങൾക്ക് മികച്ച തൊഴിൽ നേടാൻ സഹായിക്കുന്ന തരത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ നടപ്പാക്കിവരുന്നു. വ്യാവസായിക മേഖലകളുടെ താല്പര്യം കണക്കിലെടുത്തുകൊണ്ടു മാറിവരുന്ന തൊഴിൽ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തക്ക വിധത്തിലാണ് പരിശീലന പദ്ധതികൾ വിഭാവനം ചെയ്യുന്നത്. തൊഴിൽ മേഖലയിലെ ആവശ്യകതകൾ മനസ്സിലാക്കി കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പദ്ധതികൾ ആണ് KASE ആവിഷ്കരിച്ചു വരുന്നത്.<br><br>നിലവിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്(KASE) നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ<br>1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)<br>2. അക്രഡിറ്റേഷൻ പ്രോഗ്രാമുകൾ<br>3. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ<br>4. കൗശൽ കേന്ദ്രകൾ |

| | |
|---|---|
| | 5. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)<br>6. സ്റ്റേറ്റ് ജോബ് പോർട്ടൽ<br>7. സ്കിൽ രജിസ്ട്രി<br>എംപ്ലോയ്മെന്റ് ഡയറക്ടറേറ്റുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ<br>1. എംപ്ലോയബിലിറ്റി സെന്ററുകൾ<br>2. കരിയർ ഡെവലപ്പ്മെന്റ് സെന്റർ |
| **(സി)** ചവറയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷനെ ഏഷ്യയിലെ തന്നെ ഏറ്റവും മികച്ച സ്ഥാപനമെന്ന നിലയിലേക്ക് വളർത്തിയെടുക്കാൻ സാധിച്ചിട്ടുണ്ടോ; | **(സി)** കെട്ടിട നിർമ്മാണ മേഖലയിൽ നിലനില്ക്കുന്ന വിദഗ്ധതൊഴിലാളികളുടെ അപര്യാപ്തത തരണം ചെയ്യുക എന്നലക്ഷ്യം മുൻനിർത്തി, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC). കൊല്ലം ജില്ലയിലെ ചവറയിൽ 1,92,000 ചതുരശ്രയടിയുള്ള അക്കാഡമിക്ക് ബ്ലോക്കും 240 പേരെ ഉൾക്കൊള്ളിക്കാൻ കഴിയുന്ന ഹോസ്റ്റൽ ബ്ലോക്കും ഉൾപ്പെടെ അന്താരാഷ്ട്രനിലവാരത്തിലുള്ള അടിസ്ഥാനസൗകര്യങ്ങളോടെ പൊതു-സ്വകാര്യപങ്കാളിത്തത്തോടെയാണ് IIIC പ്രവർത്തനസജ്ജമാക്കിയിട്ടുള്ളത്. IIIC യുടെ പ്രഥമ ബാച്ചിന്റെ ക്ലാസ്സുകൾ 10.10.2018 ന് ആരംഭിച്ചു. നിലവിൽ മാനേജീരിയൽ, സൂപ്പർവൈസറി, ടെക്നിക്കൽ എന്നീ 3 കാറ്റഗറികളിലായി 20 കോഴ്സുകളിൽ പരിശീലനം നടന്നു വരുന്നുണ്ട്. ഉന്നത നിലവാരമുള്ള കോഴ്സുകൾ ഉൾപ്പെടുത്തിക്കൊണ്ട് ദേശീയ തലത്തിൽ അറിയപ്പെടുന്ന ഒരു പരിശീലനകേന്ദ്രമാക്കി മാറ്റുന്നതിന്റെ ഭാഗമായി തൊഴിൽ സാധ്യതയേറിയ മേഖലകളും ജോബ് റോളുകളും തിരിച്ചറിഞ്ഞു പുത്തൻ കോഴ്സുകൾ വിഭാവനം ചെയ്യുന്നതിനായി വ്യവസായമേഖലയിലെയും വിദ്യാഭാസരംഗത്തേയും വിദഗ്ധരെ ഉൾപ്പെടുത്തി PLACEX '18 എന്ന ഒരു കോൺക്ലേവ് സംഘടിപ്പിച്ചു. കൂടാതെ പരിശീലനം നേടുന്നവർക്ക് ഇംഗ്ലീഷ് ഭാഷ പ്രാവീണ്യത്തിനായി കേംബ്രിഡ്ജ് ഇംഗ്ലീഷുമായി ചേർന്ന് സർട്ടിഫിക്കറ്റ് കോഴ്സുകൾ ലഭ്യമാക്കുന്നുണ്ട്. സ്കോട്ട് ലാന്റ് ആസ്ഥാനമായുള്ള ഗ്ലാസ്ഗോ കെൽവിൻ കോളേജ് പോലുള്ള അന്താരാഷ്ട്ര പരിശീലന സ്ഥാപങ്ങളുമായി |

| | | |
|---|---|---|
| | | സഹകരിച്ചുകൊണ്ടു വിവിധ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പു വെച്ചിട്ടുണ്ട്. |
| **(ഡി)** വ്യവസായത്തിൽ നവീനമായി ഉണ്ടാകുന്ന മാറ്റത്തിനനുസൃതമായി വേണ്ട വൈദഗ്ദ്ധ്യ വികസനം ആസൂത്രണം ചെയ്യുന്നതിന് വ്യവസായികൾ, വിദ്യാഭ്യാസ വിചക്ഷണർ എന്നിവരെ ഉൾപ്പെടുത്തി വേൾഡ് സ്കിൽ ലൈസിയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ? | | **(ഡി)** വേൾഡ് സ്കിൽ ലൈസിയം സ്ഥാപിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ